നം.വിജി.2/448/2020

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം. 33
E-mail:aairrgnvig@gmail.com
Phone :0471- 2321370
തീയതി : 17.04.2021

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീമതി. എം.ആരിഫാബീവി ആയ താങ്കൾ കൊല്ലം ഇൻലാന്റ് നാവിഗേഷൻ സബ് ഡിവിഷനു കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്തുവരവെ കെ.എസ്.ആർ പാർട്ട്-1 അനുബന്ധം XII-A യിലെ നിബന്ധനകൾ അനുസരിച്ച് വിദേശത്ത് ജോലി ചെയ്യുന്നതിനായി 28/12/2005 പൂർവ്വാഹ്നം മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. അനുവദിക്കപ്പെട്ട 14 വർഷത്തെ ശൂന്യവേതനാവധി 27/12/2019 - ൽ അവസാനിച്ചിട്ടുള്ളതും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു.

താങ്കൾക്കെതിരെ 1960 ലെ കേരളാ സിവിൽ സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് ഇതേ നമ്പരായി 05/06/2020 -ൽ കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിരുന്നു. ആയതിൻമേൽ 08/12/2020-ൽ താങ്കൾ സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാലും 28/12/2019 മുതൽ താങ്കൾ സർവീസിൽ നിന്നും അനധികൃതമായി മാറി നിൽക്കുന്നതിനാലും താങ്കളെ 28/12/2019 മുതൽ സർക്കാർ സർവീസിൽ നിന്നും നീക്കം ചെയ്യാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

(മറുപുറം)

ഇക്കാര്യത്തിൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

Senior Clerk

സ്വീകർത്താവ്

ശ്രീമതി. ആരിഫാബീവി. എം,
ഫജർ മൻസിൽ,
എൻ.എൻ -87,
പുന്നത്തല,
കൊല്ലം -12.